(എ) തിരൂർ-എടപ്പാൾ 110 കെ.വി.ഡി.സി. ലൈൻ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) നിർമ്മാണപ്രവർത്തനം എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 24.5 കിലോമീറ്റർ ദൈർഘ്യമുള്ള എടപ്പാൾ-തിരൂർ 110 കെ.വി ഡബിൾ സർക്യൂട്ട് ലൈനിൽ ആകെ 87 ടവറുകളാണ് സ്ഥാപിക്കേണ്ടത്. അതിൽ 84 സ്ഥാനങ്ങളിൽ സ്റ്റബ്സെറ്റിംഗും 83 സ്ഥാനങ്ങളിൽ ടവറുകൾ സ്ഥാപിക്കുന്ന ജോലിയും 12.303 കിലോമീറ്റർ നീളത്തിൽ കമ്പി വലിക്കുന്ന ജോലിയും പൂർത്തിയായിട്ടുണ്ട്. ലൊക്കേഷൻ 43-നും 44-നും ഇടയ്ക്ക് ലൈൻ വലിക്കുന്നതിനെതിരെ സ്ഥലമുടമ കൊടുത്ത ഒരു കേസ് തിരൂർ മുനിസിഫ് കോടതിയിൽ നിലവിലുണ്ട്. 30-6-99 വരെ പ്രസ്തുത സ്ഥലത്തെ ജോലി നിർത്തിവയ്ക്കുവാൻ മുനിസിഫ് കോടതി ഉത്തരവിട്ടിരിക്കുകയാണ്.

(ബി) ഈ പ്രസരണ ലൈനിന്റെ നിർമ്മാണ പ്രവർത്തനം 31.8.99-ന് പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

175 (1719) വൈദ്യുതി ബോർഡിലെ ജീവനക്കാർ

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിലെ ഓരോ ജീവനക്കാരനും ജനറേഷൻ ഡിസ്ട്രിബ്യൂഷൻ മേഖലയിൽ നിശ്ചിതകാലം വീതം ജോലി നോക്കിയിരിക്കണമെന്ന മാനദണ്ഡം നിലവിലുണ്ടോ;

(ബി) ജനറേഷൻ മേഖലയിൽ ജീവനക്കാർക്ക് ജോലി ചെയ്യുവാൻ താൽപ്പര്യമില്ലെന്നും അതുകാരണം ആ മേഖലയിൽ ജീവനക്കാരുടെ അഭാവമുണ്ടെന്നുമുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഒരു തസ്തികയിൽ ജോലി ചെയ്യുന്ന ഒരു ജീവനക്കാരൻ ഒരു നിശ്ചിത കാലയളവിൽ നിർബന്ധമായും ജനറേഷൻ മേഖലയിൽകൂടി ജോലി ചെയ്തിരിക്കണമെന്ന മാനദണ്ഡം നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല; എന്നാൽ കുറഞ്ഞത് രണ്ട് വർഷമെങ്കിലും ജനറേഷൻ മേഖലയിൽ ജോലി ചെയ്തിരുന്നാൽ മാത്രമേ ഇലക്ട്രിക്കൽ വിഭാഗം എഞ്ചിനീയർമാരെ എക്സിക്യൂട്ടീവ് എഞ്ചിനീയറായി ഉദ്യോഗക്കയറ്റം നൽകാവൂ എന്ന് മാർഗ്ഗനിർദ്ദേശമുണ്ട്.

(ബി)&(സി) ജനറേഷൻ മേഖലയിൽ ജീവനക്കാർക്ക് ജോലി ചെയ്യാൻ താൽപര്യമില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly